# <u>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ</u>

## <u>പത്രക്കുറിപ്പ്</u>

*1) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ, ഇന്റർവ്യൂ, കായികക്ഷമതാ പരീക്ഷ, പ്രായോഗിക പരീക്ഷ, അസ്സൽ പ്രമാണ പരിശോധന എന്നിവയ്ക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഹാജരാകേണ്ടതാണ്. ഹാജരാക്കുന്ന രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പിൽ പേരും രജിസ്റ്റർ നമ്പരും രേഖപ്പെടുത്തി ചുമതലപ്പെട്ട ഉദ്യോഗസ്ഥരെ ഏൽപ്പിക്കേണ്ടതാണ്. വോട്ടർ തിരിച്ചറിയൽ കാർഡ്, പാസ്സ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻകാർഡ്, സർക്കാർ ജീവനക്കാർക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്നും നൽകുന്ന തിരിച്ചറിയൽ കാർഡ്, ദേശസാൽകൃത ബാങ്കിൽ നിന്നും ലഭിക്കുന്ന ഫോട്ടോ പതിച്ച പാസ്സ് ബുക്ക് എന്നിവ തിരിച്ചറിയൽ രേഖയായി പരിഗണിക്കുന്നതാണ്. 2011 മാർച്ച് 1 മുതൽ ഇതിന് പ്രാബല്യമുണ്ടായിരിക്കുന്നതാണെന്ന് ഇന്ന് ചേർന്ന കമ്മീഷൻ യോഗം തീരുമാനിച്ചു.*

*2)പരീക്ഷാ കാമ്പസ്സുകളിൽ മൊബൈൽ ഫോൺ മുതലായ വിവര വിനിമയ ഉപകരണങ്ങൾ ഉദ്യോഗാർത്ഥികൾ കൈവശം വയ്ക്കുന്നത് കർശനമായി നിരോധിക്കുവാനും ഇതിനെതിരേ പ്രവർത്തിക്കുന്ന ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസ് അസാധുവാക്കുവാനും മറ്റ് ശിക്ഷാ നടപടികൾ കൈക്കൊള്ളുവാനും തീരുമാനിച്ചു. വിവിധ തസ്തികകൾക്കായി 31/12/2010 മുതൽ അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്കനുസരണമായി സമർപ്പിക്കുന്ന അപേക്ഷകളിൽ ഫോട്ടോ അപ്‌ലോഡ് ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തുവാനും ഇന്ന് കൂടിയ കമ്മീഷൻ യോഗം തീരുമാനിച്ചു.*

പട്ടം<br>*13/12/2010*

പബ്ലിക് റിലേഷൻസ് ആഫീസർ<br>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ